## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1199 10/08/2017-ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്കായി 'ശ്രദ്ധ' പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് പഠനത്തിൽ മികവ് പുലർത്താൻ കഴിയാത്ത വിദ്യാർത്ഥികൾക്കായി ശ്രദ്ധ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളിലെ പഠനപിന്നോക്കാവസ്ഥ കണ്ടെത്തി വ്യക്തിഗതമായ വിദ്യാഭ്യാസ ഇടപെടൽ നടത്തുന്നതിനുള്ള ഗവേഷണം നടത്തുകയും അതോടൊപ്പം, ഇത്തരം വിദ്യാർത്ഥികളെ കണ്ടെത്തുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുന്നതിനനു യോജ്യമായ പഠനരീതി, ബോധന ശാസ്ത്രം. പഠനസാമഗ്രികൾ എന്നിവ പ്രായോഗിക പഠനത്തിലൂടെ കണ്ടെത്തു ന്നതിനും, പ്രവർത്തനം മെച്ചപ്പെടുത്തു ന്നതിനുമുള്ള നടപടികൾ നടത്തി വരുന്നു. |
| (ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്നും, പദ്ധതിയുടെ വിശദാംശവും അറിയിക്കുമോ; | (ബി) | വിദ്യാർത്ഥികളിലെ പഠനപിന്നോക്കാവസ്ഥ കണ്ടെത്തി വ്യക്തിഗതമായ വിദ്യാഭ്യാസ ഇടപെടൽ നടത്തുന്നതിനായി പ്രായോഗിക പഠനത്തിനുള്ള മുന്നൊരുക്കമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ യു.പി.എസ് വിതുര, യു.പി.എസ് പാലവിള, യു.പി.എസ് ആനത്തലവട്ടം. യു.പി.എസ് ചിറയിൻകീഴ്, യു.പി.എസ് ആനപ്പാറ, യു.പി.എസ് പിള്ളയാർകുളം എന്നീ സ്കൂളുകളിലെ കുട്ടികളിൽ ഇതു സംബന്ധിച്ചിട്ടുള്ള പഠനം 2017 ജൂൺ മാസത്തിൽ ആരംഭിക്കുകയുണ്ടായി. |
| (സി) പദ്ധതി പ്രകാരം ക്ലാസ്സുകൾ നടത്തുന്ന അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ